സ്ഥാപിതം
1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാള്യം: 60 ലക്കം: 46 2025 ഏപ്രിൽ 30 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

## ഐസിഎസ്ഇ, ഐഎസ്‌സി ഫലം പ്രഖ്യാപിച്ചു

ന്യൂഡൽഹി: ഐ.സി.എസ്.ഇ പത്താം ക്ലാസ്, ഐ.എ സ്.സി പന്ത്രണ്ടാം ക്ലാസ് പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. കൗൺസിൽ ഫോർ ദി ഇന്ത്യൻ സ്‌കൂൾ സർട്ടിഫിക്കറ്റ് എക്‌സാമിനേഷൻ (സിഐഎസ്‌സിഇ) ആണ് ഫലം പ്രഖ്യാപിച്ചത്. ഐ.സി.എസ്.ഇയിൽ 99.09ശതമാനം വിജയവും ഐ.എസ്.സിയിൽ 99.02 ശതമാനമാണ് വിജയവും ഉണ്ട്. കേരളത്തിൽ ഐ.സി.എസ്.ഇയിൽ 99.94 ശതമാനവും ഐ.എസ്.സിയിൽ 100 ശതമാനവുമാണ് വിജയം.

Visit Advertiser websiteGO TO PAGE cisce.org, results.cisce.org എന്നീ വെബ്സൈറ്റിലൂടെ വിദ്യാർഥികൾക്ക് ഫലം പരിശോധിക്കാം. ഡിജിലോക്കർ മൊബൈൽ ആപ്ലിക്കേഷനിലൂടെയും അവസരമുണ്ട്. ഉത്തരകടലാസുകൾ പുനഃപരിശോധിക്കാൻ മേയ് 4നുള്ളിൽ അപേക്ഷ സമർപ്പിക്കണം. ഇംപ്രൂവ്മെന്റ് പരീക്ഷകൾ ജൂലായിൽ നടത്തുമെന്നാണ് വിവരം.

## കെ.എം. എബ്രാഹാമിനെതിരായ എഫ്ഐആർ സുപ്രീം കോടതി സ്റ്റേ ചെയ്തു



ന്യൂഡൽഹി: വരവിൽക്കവിഞ്ഞ സ്വത്ത് സമ്പാദിച്ചെന്ന പരാതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയും കിഫ്ബി സിഇഒയുമായ കെ.എം. എബ്രഹാമിനെതിരെ സിബിഐ രജിസ്റ്റർ ചെയ്ത എഫ്ഐആർ സുപ്രീം കോടതി സ്റ്റേ ചെയ്തു.

മുൻകൂർ പ്രോസിക്യൂഷൻ അനുമതിയില്ലാതെ കേസ് രജിസ്റ്റർ ചെയ്യാൻ കഴിയില്ലെന്ന എബ്രഹാമിന്റെ വാദത്തിന്റെ അടിസ്ഥാനത്തിലാണ് കോടതി സ്റ്റേ അനുവദിച്ചത്. അനധികൃത സ്വത്ത് സമ്പാദനക്കേസിൽ ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിനെതിരെ എബ്രഹാം നൽകിയ ഹർജിയിൽ സുപ്രീം കോടതി എതിർകക്ഷികൾക്ക് നോട്ടീസ് അയച്ചു. സിബിഐ, ജോമോൻ പുത്തൻപുരയ്ക്കൽ, സംസ്ഥാന സർക്കാർ തുടങ്ങിയവർക്കാണ് നോട്ടീസ് അയച്ചത്.

ഇതിനിടെ, എബ്രഹാമിനെ പിന്തുണച്ച് സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ നിലപാട് സ്വീകരിച്ചു. മുൻകൂർ പ്രോസിക്യൂഷൻ അനുമതിയില്ലാതെ എഫ്ഐആർ റജിസ്റ്റർ ചെയ്യാൻ കഴിയില്ലെന്ന് സംസ്ഥാന സർക്കാരിനുവേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ ജയദീപ് ഗുപ്ത കോടതിയിൽ ചൂണ്ടിക്കാട്ടി.

ജസ്റ്റിസുമാരായ ദിപാങ്കർ ദത്ത, മൻമോഹൻ എന്നിവരുടെ ബെഞ്ചാണ് ഹർജി പരിഗണിച്ചത്. പ്രോസിക്യൂഷൻ അനുമതിയില്ലാതെ എഫ്ഐആർ രജിസ്റ്റർ ചെയ്യാൻ കഴിയില്ലെന്ന് സുപ്രീംകോടതിയുടെ മുൻ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുള്ളതായി എബ്രഹാമിന് വേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ ആർ.ബസന്തും അഭിഭാഷകൻ ജി.പ്രകാശും ചൂണ്ടിക്കാട്ടി.

നിലവിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു ഹർജി സുപ്രീംകോടതിയുടെ പരിഗണനയിലാണെന്ന് ഇരുവരും വാദിച്ചു. എബ്രഹാമിനെതിരായ കേസ് നിയമപരമായി നിലനിൽക്കില്ലെന്ന നിലപാട് സംസ്ഥാന സർക്കാരിന് വേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ ജയ്ദീപ് ഗുപ്തയും സ്റ്റാന്റിങ് കൗൺസിൽ സി.കെ. ശശിയും ചൂണ്ടിക്കാട്ടി. തുടർന്നാണ് സുപ്രീംകോടതി ഇടക്കാല സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചത്.

തടസ്സ ഹർജി നൽകിയ ജോമോൻ പുത്തൻപുരയ്ക്കലിന് വേണ്ടി എം.ആർ അഭിലാഷ് ഹാജരായി.

## ഒന്നാം ക്ലാസിൽ പരീക്ഷ ഒഴിവാക്കൽ പരിഗണനയിൽ

തൃശൂർ : സംസ്ഥാനത്തെ സ്‌കൂളുകളിൽ ഒന്നാം ക്ലാസ് വിദ്യാർത്ഥികൾക്ക് പരീക്ഷ ഒഴിവാക്കുന്നതിന്റെ സാധ്യത പരിശോധിക്കാൻ വിദ്യാഭ്യാ വകുപ്പിന്റെ തീരുമാനം.

ഇതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ എസ്.സി.ഇ.ആർ.ടിയെ ചുമതലപ്പെടുത്തിയതായി പൊതുവിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി അറിയിച്ചു. വിദേശ രാജ്യങ്ങളിൽ ഉൾപ്പെടെ ചെറിയ പ്രായത്തിൽ കുട്ടികൾക്ക് പരീക്ഷ നടത്തുന്നില്ലെന്നും ഇക്കാര്യം പരിശോധിക്കണമെന്നും മുഖ്യമന്ത്രി ഉൾപ്പെടെ ചൂണ്ടിക്കാട്ടിയത് പരിഗണിച്ചാണ് സാധ്യത പരിശോധിക്കുന്നത്.

സ്‌കൂൾ പാഠ്യപദ്ധതി പരിഷ്‌കരണത്തിന് ആധാരമായ കേരള പാഠ്യപദ്ധതി ചട്ടക്കൂടിൽ ഒന്നാം ക്ലാസ് വിദ്യാർഥികളെ വിലയിരുത്താൻ നിരന്തര മൂല്യനിർണയത്തിനും വിവിധ രീതിയിലുള്ള പ്രവർത്തനങ്ങൾക്കും കളികൾക്കും ഊന്നൽ നൽകണമെന്നാണ് നിർദേശിച്ചിരിക്കുന്നത്. നിലവിൽ ഒന്നാം ക്ലാസ് വിദ്യാർഥികൾക്ക് പാദ, അർധ, വാർഷിക പരീക്ഷകൾ നടത്തുന്നുണ്ട്.

# മധ്യസ്ഥ ശ്രമവുമായി യു എൻ

## ഇന്ത്യ ഉറച്ച തീരുമാനം എടുത്തിട്ടുണ്ടെന്ന് ജയ്ശങ്കർ, ചർച്ച വേണമെന്ന് പാകിസ്താൻ



ന്യൂഡൽഹി: പഹൽഗാം ഭീകരാക്രമണത്തിന് പിന്നാലെ ഇന്ത്യ -പാകിസ്താൻ നയതന്ത്രബന്ധം വഷളാകുകയും സംഘർഷങ്ങൾ വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മധ്യസ്ഥശ്രമവുമായി ഐക്യരാഷ്ട്രസഭ(യു.എൻ). ഇരു രാജ്യങ്ങളോടും യു.എൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് ഫോണിൽ സംസാരിച്ചു.

വിദേശകാര്യ മന്ത്രി എസ് ജയശങ്കറും പാകിസ്താൻ പ്രധാനമന്ത്രി ഷെഹ്ബാസ് ഷെരീഫുമായുള്ള സംഭാഷണത്തിൽ, പഹൽഗാം ഭീകരാക്രമണത്തെ അന്റോണിയോ ഗുട്ടെറസ് അപലപിച്ചു. നിയമപരമായ മാർഗങ്ങളിലൂടെ ഈ ആക്രമണങ്ങൾക്ക് നീതി ഉറപ്പാക്കേണ്ടതിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടിയ അദ്ദേഹം ഇന്ത്യയും പാകിസ്താനും തമ്മിൽ വർദ്ധിച്ചുവരുന്ന സംഘർഷങ്ങളിൽ കടുത്ത ആശങ്ക പ്രകടിപ്പിക്കുകയും ചെയ്തു. ദുരന്തപൂർണമായ പ്രത്യാഘാതങ്ങൾക്ക് കാരണമാകുന്ന ഏറ്റുമുട്ടലുകൾ ഒഴിവാക്കേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം ചൂണ്ടികാട്ടി.

'യു.എൻ സെക്രട്ടറി ജനറൽ പഹൽഗാം ഭീകരാക്രമണത്തെ നിസ്സംശയം അപലപിച്ചതിനെ അഭിനന്ദിക്കുന്നു. ഉത്തരവാദിത്തത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് യോജിക്കുന്നു. ഈ ആക്രമണത്തിന് പിന്നിലെ കുറ്റവാളികളെയും ആസൂത്രകരെയും ഇവരെ പിന്തുണയ്ക്കുന്നവരെയും നിയമത്തിന് മുന്നിൽ കൊണ്ടുവരുമെന്ന് ഇന്ത്യ ഉറച്ച തീരുമാനമെടുത്തിട്ടുണ്ട്'. ജയശങ്കർ ഫോൺ സംഭാഷണത്തിന് ശേഷം എക്സിൽ കുറിച്ചു.

'പഹൽഗാം സംഭവത്തിൽ സുതാര്യവും നിഷ്പക്ഷവുമായ അന്വേഷണം ആവശ്യപ്പെട്ട് യുഎൻ സുരക്ഷാ സമിതി പ്രമേയങ്ങൾക്ക് അനുസൃതമായി ജമ്മു & കശ്മീർ തർക്കം പരിഹരിക്കുന്നതിൽ യുഎൻ അതിന്റെ പങ്ക് വഹിക്കണം. പാകിസ്താൻ സമാധാനത്തിന് പ്രതിജ്ഞാബദ്ധമാണ്.' പാകിസ്താൻ പ്രധാനമന്ത്രി ഷെഹ്ബാസ് ഷെരീഫും എക്സിൽ കുറിച്ചു.

അടുത്ത 24-36 മണിക്കൂറിനുള്ളിൽ ഇന്ത്യ തങ്ങൾക്കെതിരെ സൈനിക നടപടിക്ക് പദ്ധതിയിടുന്നുവെന്ന് സൂചിപ്പിക്കുന്ന വിശ്വസനീയമായ രഹസ്യാന്വേഷണ വിവരം പക്കലുണ്ടെന്ന് പാകിസ്താൻ അവകാശപ്പെടുന്നതിനിടെയാണ് യുഎൻ സെക്രട്ടറി ജനറൽ ഇരു രാജ്യങ്ങളുമായി സംസാരിച്ചത്. അതേസമയം രാജ്യാന്തര അതിർത്തിയിൽ വെടിനിർത്തൽകരാർ ലംഘിച്ച് പാകിസ്താൻ പ്രകോപനം തുടരുകയാണ്. കഴിഞ്ഞ ദിവസം വരെയും നിയന്ത്രണ രേഖയ്ക്ക് സമീപം വരെമാത്രമായിരുന്നു വെടിവെപ്പ്. ചൊവ്വാഴ്ച രാത്രിമുതൽ അഞ്ചിടത്ത് പാകിസ്താൻ വെടിനിർത്തൽകരാർ ലംഘിച്ചതായാണ് റിപ്പോർട്ട്.

## ദ്രോണാചാര്യ സണ്ണി തോമസ് അന്തരിച്ചു



കോട്ടയം: ദ്രോണാചാര്യ സണ്ണി തോമസ് (85) അന്തരിച്ചു. കോട്ടയം ഉഴവൂരിൽ ഇന്ന് രാവിലെയായിരുന്നു അന്ത്യം. 19 വർഷം ഇന്ത്യൻ ഷൂട്ടിംഗ് ടീമിന്റെ മുഖ്യ പരിശീലകനായിരുന്നു. വിവിധ ഒളിംപിക്സുകളിലായി ഇന്ത്യ സ്വർണം, വെള്ളി മെഡലുകൾ നേടിയത് ഇദ്ദേഹത്തിന്റെ പരിശീലക കാലയളവിലാണ്. ഷൂട്ടിംഗിൽ അഞ്ചുതവണ സംസ്ഥാന ചാമ്പ്യനും 1976ൽ ദേശീയ ചാമ്പ്യനും ആയിരുന്നു. 2001ലാണ് സണ്ണി തോമസിനെ 'ദ്രോണാചാര്യ' ബഹുമതി നൽകി രാജ്യം ആദരിച്ചത്.

1941 സെപ്തംബർ 26ന് കോട്ടയം തിടനാട് മേക്കാട്ട് കെകെ തോമസിന്റെയും മറിയക്കുട്ടിയുടെയും മകനായാണ് സണ്ണി തോമസിന്റെ ജനനം. കോട്ടയം സിഎംഎസ് കോളേജിലായിരുന്നു വിദ്യാഭ്യാസം. ഉഴവൂർ സെന്റ് സ്റ്റീഫൻസിൽ ഇംഗ്ലീഷ് അദ്ധ്യാപകനായിരുന്നു. തേവര സേക്രഡ് ഹാർട്ട് കോളേജിലും പഠിപ്പിച്ചിട്ടുണ്ട്. ഷൂട്ടിംഗിൽ ഇന്ത്യ നേടിയ മെഡലുകൾക്ക് പിന്നിൽ സണ്ണി തോമസിന്റെ വലിയൊരു പങ്കുണ്ട്.

2004ൽ ഏതൻസ് ഒളിംപിക്സിൽ രാജ്യവർദ്ധൻ സിംഗ് റാത്തോഡ് വെള്ളി മെഡൽ നേടിയപ്പോൾ ഇന്ത്യയുടെ ഒളിംപിക്സ് ചരിത്രത്തിലെ ആദ്യ വ്യക്തിഗത വെള്ളി മെഡലായി അത് മാറി. 2008ലെ ബെയ്ജിംഗ് ഒളിംപിക്സിൽ അഭിനവ് ബിന്ദ്ര സ്വർണ മെഡൽ നേടിയപ്പോൾ അത് ഇന്ത്യയുടെ ആദ്യ വ്യക്തിഗത സ്വർണമായി. 2012ലെ ലണ്ടൻ ഒളിംപിക്സിൽ വിജയകുമാർ വെള്ളിയും ഗഗൻ നാരങ് വെങ്കലവും നേടിയപ്പോഴും സണ്ണി തോമസ് ആയിരുന്നു പരിശീലകൻ.

## കറാച്ചി തീരത്ത് പാക് നാവികസേനയുടെ ആറു കപ്പലുകൾ; തിരിച്ചടി ഭീതിയിൽ പാകിസ്ഥാൻ

കറാച്ചി: പഹൽഗാമിൽ നടന്ന ഭീകരാക്രമണത്തിന് പിന്നാലെ ഇന്ത്യ പാക് സംഘർഷം രൂക്ഷമാകുകയാണ്. ഇതിനിടെ അടുത്ത 24 മുതൽ 36 മണിക്കൂറിനുള്ളിൽ ഇന്ത്യ ആക്രമണം നടത്തുമെന്ന് വിവരം ലഭിച്ചതായി അവകാശപ്പെട്ട് പാക് മന്ത്രിയും രംഗത്തെത്തി. നേരത്തേ പാക്കിസ്ഥാന് തിരിച്ചടി നൽകാനുള്ള പൂർണ സ്വാതന്ത്ര്യം പ്രധാനമന്ത്രി നരേന്ദ്രനമോദി സേനയ്ക്ക് നൽകുകയും ചെയ്തിരുന്നു. ഇന്ത്യയുടെ ആക്രമണം ആസന്നമാണെന്ന് കരുതുന്ന പാകിസ്ഥാനും പ്രതിരോധത്തിന് തയ്യാറെടുക്കുകയാണെന്നാണ് വിവരം. ഇതിന്റെ ഭാഗമായി വ്യോമ പ്രതിരോധ സംവിധാനങ്ങൾ പാകിസ്ഥാൻ അതിർത്തിയിൽ എത്തിച്ചിട്ടുണ്ട്.


അതിർത്തിക്കടുത്തുള്ള സ്ഥലങ്ങളിലേക്ക് വ്യോമ പ്രതിരോധ സംവിധാനങ്ങളും ഇലക്ട്രോണിക് യുദ്ധ യൂണിറ്റുകളും എത്തിക്കുകയും തുടർച്ചയായ വ്യോമ പരിശീലനങ്ങൾ നടത്തുകയുമാണ് പാകിസ്ഥാൻ ചെയ്യുന്നത്. അതിർത്തിക്കപ്പുറത്തുള്ള നിരവധി സ്ഥലങ്ങളിൽ പാകിസ്ഥാൻ നീക്കങ്ങൾ തുടങ്ങിയതായി റിപ്പോർട്ടുണ്ട്. തിരിച്ചടി ഭയന്ന് കറാച്ചി തീരത്ത് നാവികസേനയുടെ 6 കപ്പലുകൾ പാകിസ്ഥാൻ എത്തിച്ചു. ലാഹോറിന് സമീപവും സമാനമായ നീക്കങ്ങൾ നടക്കുന്നുണ്ടെന്നാണ് റിപ്പോർട്ട്. ഇന്ത്യൻ വ്യോമതാവളങ്ങൾ കണ്ടെത്തുന്നതിനായി സിയാൽകോട്ട് സെക്ടറിൽ റഡാർ സംവിധാനങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്.

ഫിറോസ്പൂർ സെക്ടറിലുടനീളം ഇലക്ട്രോണിക് യുദ്ധോപകരണങ്ങൾ സജീവമാക്കിയിട്ടുണ്ടെന്ന് എക്കണോമിക് ടൈംസിന്റെ റിപ്പോർട്ടിൽ പറയുന്നു. പഞ്ചാബ്, ഖൈബർ പഖ്തൂൺഖ തുടങ്ങിയ മറ്റ് പ്രദേശങ്ങളിൽ നിന്ന് പാക് അധിനിവേശ കശ്മീരിലേക്ക് കൂടുതൽ സൈന്യത്തെ പാകിസ്ഥാൻ എത്തിക്കുന്നുണ്ട്. നിയന്ത്രണ രേഖകളിലും കൂടുതൽ സൈന്യത്തെ വിന്യസിക്കുകകയാണ് പാകിസ്ഥാൻ. കഴിഞ്ഞ 6 ദിവസമായി നിയന്ത്രണരേഖകളിൽ തുടർച്ചയായ വെടിനിർത്തൽ ലംഘനങ്ങളുമുണ്ടായിരുന്നു.

ഇന്ത്യയുടെ സൈനിക നടപടി ആസന്നമാണെന്നാണ് കഴിഞ്ഞ ദിവസം പാക് പ്രതിരോധമന്ത്രി റോയിറ്റേഴ്സിനോട് പ്രതികരിച്ചത്. ഇന്ത്യ സൈനികനടപടി എടുക്കുമെന്ന് ഉറപ്പാണെന്നും ഇന്ത്യ ആക്രമിക്കുമെന്ന് പാക് സൈന്യം സർക്കാരിനെ അറിയിച്ചതായും പ്രതിരോധമന്ത്രി ഖ്വാജാ മുഹമ്മദ് ആസിഫ് വാർത്താ ഏജൻസിയോട് പറഞ്ഞു. അനിവാര്യമായ സൈനിക കടന്നുകയറ്റത്തെ പ്രതിരോധിക്കാൻ തയാറെന്നും പാകിസ്ഥാൻ പ്രതിരോധമന്ത്രി പറഞ്ഞിരുന്നു. സൈനിക സാഹസത്തിന് ഇന്ത്യ മുതിർന്നാൽ അതേ നാണയത്തിൽ തിരിച്ചടിക്കുമെന്നാണ് പാക്കിസ്ഥാന്റെ നിലപാട്.

അതേസമയം, പാക്കിസ്ഥാനുമേൽ സൈനികമായുള്ള തിരിച്ചടി ഉടൻ ഉണ്ടാവുമെന്ന സൂചനകൾക്കിടെ ഇന്ന് നിർണായക യോഗങ്ങൾ നടക്കും. സുരക്ഷാ കാര്യങ്ങൾക്കുള്ള മന്ത്രിസഭാ സമിതിയും സാമ്പത്തിക കാര്യങ്ങൾക്കുള്ള മന്ത്രിസഭാ സമിതിയും യോഗം ചേരും. പ്രധാനമന്ത്രിക്ക് പുറമെ പ്രതിരോധ മന്ത്രി, ആഭ്യന്തര മന്ത്രി, വിദേശകാര്യ മന്ത്രി, ധന മന്ത്രി എന്നിവരാണ് സുരക്ഷാ കാര്യങ്ങൾക്കുള്ള മന്ത്രിസഭാ സമിതിയിൽ ഉള്ളത്. നിർണായക തീരുമാനങ്ങൾ യോഗത്തിൽ ഉണ്ടാകും എന്നാണ് സൂചന. ഇന്നലെ പ്രതിരോധ മന്ത്രിയുമായും സേനാമേധാവിമാരുമായും മോദി കൂടിക്കാഴ്ച നടത്തിയിരുന്നു. പാക്കിസ്ഥാന് തിരിച്ചടി നൽകാനുള്ള പൂർണ സ്വാതന്ത്ര്യം സേനയ്ക്ക് നൽകിയിരുന്നു. സ്ഥലവും സമയവും രീതിയും സൈന്യത്തിന് തീരുമാനിക്കാമെന്നാണ് പ്രധാനമന്ത്രി അറിയിച്ചത്. പഹൽഗാം ഭീകരാക്രമണത്തിന് ശേഷം സുരക്ഷാ കാര്യങ്ങൾക്കുള്ള മന്ത്രിസഭാ സമിതി യോഗംചേരുന്നത് രണ്ടാംതവണയാണ്. ആദ്യ യോഗത്തിൽ സിന്ധു നദീജല ഉടമ്പടി മരവിപ്പിക്കുന്നതടക്കം നിർണായക തീരുമാനങ്ങൾ എടുത്തിരുന്നു.

## തെച്ചിക്കോട്ടുകാവ് രാമചന്ദ്രൻ ഇത്തവണയും പൂരത്തിനെത്തും



തൃശൂർ:ആന പ്രേമികളുടെ ഹരമായ തെച്ചിക്കോട്ടുകാവ് രാമചന്ദ്രൻ ഇത്തവണയും പൂരത്തിനെത്തും. ആന വരുമ്പോൾ തിരക്ക് ഏറുന്നതും നിയന്ത്രിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതും കൊണ്ട് ഇത്തവണ തെച്ചിക്കോട്ടുകാവ് രാമചന്ദ്രൻ പൂരത്തിന് എത്തില്ലെന്ന വാർത്തകൾ വന്നിരുന്നു.എന്നാൽ പൂരപ്രേമികളുടെ ആവശ്യം പരിഗണിച്ച് ആ തീരുമാനം പുനഃപരിശോധിക്കുകയായിരുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളായി തൃശൂർ പൂരത്തിലെ നിറസാന്നിധ്യമായിരുന്നു തെച്ചിക്കോട്ടുകാവ് രാമചന്ദ്രൻ.

ഇത്തവണ തെച്ചിക്കോട്ടുകാവ് രാമചന്ദ്രൻ ചെമ്പുക്കാവ് ശ്രീ കാർത്ത്യായനി ഭഗവതിയുടെ തിടമ്പാകും ഏറ്റുക. കഴിഞ്ഞവർഷം നെയ്തലക്കാവ് ഭഗവതിയുടെ തിടമ്പേറ്റിയത് തെച്ചിക്കോട്ടുകാവ് രാമചന്ദ്രൻ ആയിരുന്നു. നെയ്തലക്കാവ് ഘടക പൂരമാണ് ഏറ്റവും അവസാനം വടക്കുന്നാഥ ക്ഷേത്രത്തിൽ പ്രവേശിക്കുക. പൂരത്തിന് ശേഷം രാമചന്ദ്രന് മടങ്ങിപ്പോകാൻ ജനത്തിരക്ക് മൂലം ബുദ്ധിമുട്ട് അനുഭവപ്പെട്ടിരുന്നു.

കഴിഞ്ഞ രണ്ടുവർഷം മാത്രമാണ് പൂരദിവസം തെച്ചിക്കോട്ടുകാവ് രാമചന്ദ്രൻ എത്തിയത്. അതിനുമുൻപ് തലേന്ന് നടക്കുന്ന പൂരവിളംബരത്തിനാണ് എത്തിയിരുന്നത്. നേരത്തെ പൂര വിളംബരത്തിൽ നിന്നും ആനയെ മാറ്റിയിരുന്നു.

അഞ്ചുവർഷം തൃശൂർ പൂരത്തിന് തെക്കേഗോപുരനട തുറക്കാൻ തെച്ചിക്കോട്ടുകാവ് രാമചന്ദ്രൻ എത്തിയിരുന്നു.പിന്നീട് ഇത് എറണാകുളം ശിവകുമാറിലേക്ക് മാറ്റി. ഇതോടെയാണ് നെയ്തലക്കാവിലമ്മയുടെ തിടമ്പേറ്റാനായി തെച്ചിക്കോട്ടുക്കാവ് രാമചന്ദ്രൻ എത്തിയത്.

## ഷീലാ സണ്ണിക്കെതിരായ വ്യാജ ലഹരിക്കേസ്; അന്വേഷണം മകനിലേക്ക്



തൃശൂർ: ചാലക്കുടിയിലെ ബ്യൂട്ടിപാർലർ ഉടമ ഷീല സണ്ണിക്കെതിരായ വ്യാജ ലഹരി കേസിലെ അന്വേഷണം മകനിലേക്ക്. ഷീലയുടെ മകൻ സംഗീതിന്റെ പങ്ക് അന്വേഷിക്കാനുള്ള നീക്കത്തിലാണ് പൊലീസ്. രണ്ട് തവണ ചോദ്യം ചെയ്യാൻ വിളിപ്പിച്ചെങ്കിലും സംഗീത് ഹാജരായിട്ടില്ല. ഇന്നലെ ഷീലാ സണ്ണിയുടെ മരുമകളുടെ സഹോദരി ലിവിയ ജോസിനെയും അന്വേഷണസംഘം കേസിൽ പ്രതിചേർത്തിരുന്നു.

ഷീല സണ്ണിയുടെ സ്കൂട്ടറിൽ വ്യാജ എൽഎസ്ഡി സ്റ്റാമ്പ് വച്ചത് ലിവിയ ജോസ് ആണെന്ന് കഴിഞ്ഞ ദിവസം അറസ്റ്റിലായ നാരായണദാസ് വെളിപ്പെടുത്തിയിരുന്നു. പിന്നാലെയാണ് ലിവിയയെ പ്രതിചേർത്തത്. പൊലീസ് കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിലും ലിവിയയുടെ പേരുണ്ട്. എന്നാൽ, ലിവിയ ദുബായിലേക്ക് കടന്നിരിക്കുകയാണ്. ഇവരെ തിരിച്ചെത്തിക്കാനുള്ള ശ്രമം പൊലീസ് ആരംഭിച്ചിട്ടുണ്ട്.

കഴിഞ്ഞ ദിവസമാണ് കേസിലെ മുഖ്യപ്രതിയായ നാരായണദാസിനെ പൊലീസ് കസ്റ്റഡിയിലെടുത്തത്. കൊടുങ്ങല്ലൂർ ഡിവൈഎസ്പിയുടെ നേതൃത്വത്തിലുള്ള പൊലീസ് സംഘം ബംഗളൂരുവിൽ നിന്നാണ് പ്രതിയെ കസ്റ്റഡിയിലെടുത്തത്. 2023 ഫെബ്രുവരി 27നാണ് ലഹരിമരുന്ന് കൈവശം വച്ചതിന് ഷീലാ സണ്ണിയെ എക്സൈസ് സംഘം പിടികൂടിയത്. ഇന്റർനെറ്റ് കോളിലൂടെ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു അറസ്റ്റ്. എന്നാൽ, വ്യാജ എൽഎസ്ഡി സ്റ്റാമ്പുകളാണ് പിടികൂടിയതെന്ന് പിന്നീട് ശാസ്ത്രീയ പരിശോധനയിൽ സ്ഥിരീകരിക്കപ്പെട്ടു. ചെയ്യാത്ത കുറ്റത്തിന്റെ പേരിൽ 72 ദിവസമാണ് ഷീല ജയിലിൽ കഴിഞ്ഞത്.

സംഭവത്തിൽ എക്സൈസിന് വ്യാജ വിവരം നൽകിയത് മരുമകളുടെ സഹോദരിയുടെ സുഹൃത്തായ തൃപ്പൂണിത്തുറ ഏരൂർ സ്വദേശി നാരായണദാസ് ആണെന്ന് കണ്ടെത്തി. എക്സൈസ് ക്രൈംബ്രാഞ്ച് നാരായണദാസിനെ അന്ന് കേസിൽ പ്രതിചേർത്തിരുന്നു. അതിനിടെയാണ് കേസ് പൊലീസിന് കൈമാറാൻ ഹൈക്കോടതി നിർദേശിച്ചതും കൊടുങ്ങല്ലൂർ ഡിവൈഎസ്പിയുടെ നേതൃത്വത്തിലുള്ള സംഘം അന്വേഷണം ആരംഭിച്ചതും. മരുമകളുടെ സ്വർണം പണയം വച്ചതുമായി ബന്ധപ്പെട്ട് ഷീലയുടെ കുടുംബവും മരുമകളുടെ കുടുംബവും തമ്മിൽ തർക്കമുണ്ടായിരുന്നുവെന്നാണ് വിവരം. കടങ്ങൾ വീട്ടാനായി ഷീലാ സണ്ണി ഇറ്റലിയിലേക്ക് പോകാൻ ശ്രമം നടത്തിയപ്പോൾ, സ്വർണത്തിന്റെ കാര്യത്തിൽ തീരുമാനമുണ്ടാക്കാതെയാണ് പോകുന്നതെന്ന് മരുമകളുടെ വീട്ടുകാർക്ക് പരാതി ഉണ്ടായിരുന്നു. തനിക്കുകൂടി അവകാശപ്പെട്ട സ്വത്ത് നഷ്ടമാകുമെന്ന ലിവിയയുടെ ചിന്തയാണു വൈരാഗ്യത്തിന് കാരണമെന്നും പൊലീസിന് സൂചന ലഭിച്ചു. ഷീലയുടെ യാത്ര മുടക്കാൻ ആസൂത്രണം ചെയ്ത് നടപ്പാക്കുകയായിരുന്നു ലഹരിക്കേസ് .

## കഞ്ചാവ് കേസ്: പ്രതിഭ എംഎൽഎയുടെ മകനെ പ്രതിപ്പട്ടികയിൽ നിന്ന് ഒഴിവാക്കി

ആലപ്പുഴ: കഞ്ചാവ് പിടികൂടിയെന്ന കേസിൽ യു.പ്രതിഭ എംഎൽഎയുടെ മകനെ പ്രതിപ്പട്ടികയിൽ നിന്ന് ഒഴിവാക്കി എക്സൈസ്.

കേസിൽ നേരത്തെ പ്രതിചേർത്തിരുന്ന മൂന്ന് മുതൽ ഒമ്പത് വരെയുള്ള പ്രതികളെ ഒഴിവാക്കി എക്സൈസ് കോടതിയിൽ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചു. പട്ടികയിലുണ്ടായിരുന്ന മൂന്ന് പ്രതികൾ മാത്രമാണ് കേസിലുൾപ്പട്ടതെന്നാണ് എക്സൈസ് ഇപ്പോൾ പറയുന്നത്.

ഒഴിവാക്കിയ പ്രതികൾക്ക് കേസിൽ പങ്കില്ലെന്നടക്കം ചൂണ്ടിക്കാട്ടി എക്സൈസ് ഉടൻ കുറ്റപത്രവും സമർപ്പിക്കും. കഴിഞ്ഞ ഡിസംബർ 28 നാണ് എംഎൽഎയുടെ മകൻ ഉൾപ്പെടെ 9 പേരെ തകഴിയിൽ നിന്ന് കുട്ടനാട് എക്സൈസ് സംഘം പിടികൂടിയത്. മൂന്നു ഗ്രാം കഞ്ചാവും ഇവരിൽ നിന്ന് പിടിച്ചെടുത്തിരുന്നു. പൊതു സ്ഥലത്ത് കഞ്ചാവ് ഉപയോഗിച്ചതിനും കഞ്ചാവ് കൈവശം വച്ചതിനും ഇവർക്കെതിരെ കേസും എടുത്തു. എന്നാൽ തെറ്റായ വാർത്തകളാണ് പ്രചരിക്കുന്നതെന്ന് ആപരോപിച്ച് യു പ്രതിഭ സാമൂഹിക മാധ്യമങ്ങളിൽ കുറിപ്പ് പങ്കുവെക്കുകയും തുടർന്ന് മുഖ്യമന്ത്രിക്കും വകുപ്പ് മന്ത്രിക്കും പരാതി നൽകുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിന്റെ ഭാഗമായി ഉദ്യോഗസ്ഥരുടെയും എംഎൽഎയുടെയുമടക്കം മൊഴി എടുത്തിരുന്നു.

## തെളിവെടുപ്പ് നടത്തി

കൊച്ചി: പുലിപ്പല്ല് കേസിൽ വനം വകുപ്പിന്റെ കസ്റ്റഡിയിലുള്ള റാപ്പർ വേടനെ പുലിപ്പല്ല് കെട്ടിക്കൊടുത്ത വിയ്യൂരിലെ സരസ ജ്വല്ലറി വർക്സിലും വേടന്റെ തിരൂരിലുള്ള വീട്ടിലും എത്തിച്ച് തെളിവെടുപ്പ് നടത്തി.

## കെ എ സി എ 26–ാം സംസ്ഥാന സമ്മേളനം: പതാകദിനം ആചരിച്ചു



തൃശൂർ: ഇരുപത്തിയാറാം സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി കേരള അഡ്വക്കേറ്റ് ക്ലാർക്ക് അസോസിയേഷന്റെ നേതൃത്വത്തിൽ പതാകദിനം ആചരിച്ചു. പ്രസിഡന്റ് പി കെ പ്രദീപ് കുമാർ പതാക ഉയർത്തി. സെക്രട്ടറി സുരജൻ. പി. സി സ്വാഗതം ആശംസിച്ചു.

സംസ്ഥാന സെക്രട്ടറി സന്തോഷ് പി വി ആശംസകൾ നേർന്നു.നിയുക്ത സംസ്ഥാന എക്സിക്യൂട്ടീവ് അംഗം ഉഷ ജോർജ് വൈസ് പ്രസിഡന്റ് അഭിലാഷ് എ എം, ജോയിന്റ് സെക്രട്ടറി വാസുദേവൻ ട്രഷറർ സുരേഷ് വി കെ, സംസ്ഥാന കൗൺസിൽ അംഗങ്ങളായ സുധീരൻ കെ എസ്, പി. എ.മാർട്ടിൻ, ലിബിൻ കെ ജി, ജില്ലാ വൈസ് പ്രസിഡന്റ് ഷാജു പി എൽ, എക്സിക്യൂട്ടീവ് അംഗം ചിന്ദു ചന്ദ്രൻ കമ്മിറ്റി മെമ്പർമാരായ പ്രബീഷ് കെജി, ശരണ്യ എം. ബി, രമേഷ്.കെ. എൻ ജില്ലാ കൗൺസിൽ അംഗങ്ങളായ ഗജു ഐ. കെ, ശാന്ത സുനിൽ, രേണുക, വേണുഗോപാൽ എന്നിവരും ഇരുന്നൂറോളം വരുന്ന യൂണിറ്റ് അംഗങ്ങളും പതാക ദിനാചരണ ചടങ്ങിൽ പങ്കെടുത്തു.

### കോടതി പരസ്യം

**ബഹു. കുന്നംകുളം കുടുംബ കോടതി മുമ്പാകെ**

OP: 2424/2023

സൽമ എന്ന സൽമത്ത്
-ഹരജിക്കാരി

ഉസ്മാൻ., 45 വയസ്, ഹോട്ടൽ ജോലി, S/o. മൊയ്തുട്ടി, വലിയകത്ത് ഹൗസ്, പി ഒ അക്ലാട്, പുന്നയൂർ, ചാവക്കാട് താലൂക്ക്
- എതൃകക്ഷി

മേൽ നമ്പർ കേസിലെ എതൃകക്ഷിക്കുള്ള നോട്ടീസ് ടിയാൻ ഒടുവിൽ താമസിച്ചതായ വീട്ടിലും കോടതിയിലും പതിച്ചുനടത്താൻ അനുവദിച്ച് കേസ് 16-06-2025 തിയ്യതിയിലേക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 30-04-2025
ഹരജിഭാഗം അഡ്വക്കെറ്റ്
**സി. സുഭാഷ്കുമാർ**
ചാവക്കാട് (ഒപ്പ്)

### കോടതി പരസ്യം

**ബഹു. ഒറ്റപ്പാലം MACT മുമ്പാകെ**

OP(MV): 312/2024

Abdul Rahiman
-ഹരജിക്കാരൻ

Abdul Fathah, S/o. Kolayil Mohammed,Vattamparambil House, Punnayurkulam, Mannalamkunnu P.O., Thrissur-679561
-1-ാം എതൃകക്ഷി

മേൽ നമ്പ്രിൽ 1-ാം എതൃകക്ഷിക്കെതിരെയുള്ള നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്യാൻ കല്പിച്ച് കേസിന്റെ വിചാരണ 20-06-2025 തിയ്യതിക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, 09-04-2025
ഹരജി ഭാഗം അഡ്വക്കെറ്റ്
**പി ഡി ജോസ്**
തൃശൂർ (ഒപ്പ്)

### ലേഡി ബില്ലിംഗ് സ്റ്റാഫിനെ ആവശ്യമുണ്ട്

തൃശൂരിലെ ഒരു പ്രമുഖ ഇലക്ട്രിക്കൽ ആന്റ് സാനിറ്ററി വെയർ ഷോപ്പിലേക്ക് ലേഡി ബില്ലിംഗ് സ്റ്റാഫിനെ ആവശ്യമുണ്ട്. പരിചയ സമ്പന്നർക്ക് മുൻഗണന. തൃശൂർ പട്ടണത്തിന് 10 കിലോമീറ്ററിനുള്ളിലുള്ളവർ അപേക്ഷിക്കേണ്ടതാണ്.

ബന്ധപ്പെടുക
ഫോൺ: 9846046703

### കോടതി പരസ്യം

**ബഹു. ഒറ്റപ്പാലം MACT മുമ്പാകെ**

OP(MV): 311/2024

Abdul Rahiman
-ഹരജിക്കാരൻ

Abdul Fathah, S/o. Kolayil Mohammed,Vattamparambil House, Punnayurkulam, Mannalamkunnu P.O., Thrissur-679561
-1-ാം എതൃകക്ഷി

മേൽ നമ്പ്രിൽ 1-ാം എതൃകക്ഷിക്കെതിരെയുള്ള നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്യാൻ കല്പിച്ച് കേസിന്റെ വിചാരണ 20-06-2025 തിയ്യതിക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, 09-04-2025
ഹരജി ഭാഗം അഡ്വക്കെറ്റ്
**പി ഡി ജോസ്**
തൃശൂർ (ഒപ്പ്)

### കോടതി പരസ്യം

**ബഹു. കുന്നംകുളം കുടുംബ കോടതി മുമ്പാകെ**

OP: 446/2024

അൻസിയ കെ എ
-ഹരജിക്കാരി

മുഹമ്മദ് അൻസാർ, 34 വയസ്, S/o. ഉമ്മർ മൗലവി നാരോത്ത് പറമ്പിൽ ഹൗസ്, എങ്കക്കാട് പി ഒ., എങ്കക്കാട് വില്ലേജ്, തലപ്പിള്ളി താലൂക്ക്, പിൻ-680590 തൃശൂർ ജില്ല
- എതൃകക്ഷി

ഹരജിക്കാരിയും എതൃകക്ഷിയും തമ്മിലുള്ള വിവാഹബന്ധം വേർപ്പെടുത്തികിട്ടുന്നതിന് ബോധിപ്പിച്ച മേൽ നമ്പർ ഹരജിയിൽ എതൃകക്ഷിക്ക് കല്പന അയപ്പാൻ മേൽ നമ്പർ കേസ് 12-05-2025 തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. അന്നേദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ നിങ്ങളോ നിങ്ങളുടെ ഭാഗം അഡ്വക്കെറ്റോ ഹാജരാകാത്തപക്ഷം മേൽ നമ്പർ കേസ് നിങ്ങളെ കൂടാതെ തീർപ്പാക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 30-04-2025
ഹരജിഭാഗം അഡ്വക്കെറ്റ്
**എം ബി ഫൈസൽ**
(ഒപ്പ്)

